# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4038 — 24/08/2017 - ൽ മറുപടിക്ക്

### ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.പി.ജയരാജൻ**<br>**" എം.മുകേഷ്**<br>**" എ.എം.ആരിഫ്**<br>**" കെ.ദാസൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | ഇ.എസ്.ഐ ആശുപത്രികളുടെയും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അനുബന്ധ ഡിസ്പെൻസറികളുടെയും വാർഷിക അറ്റകുറ്റപണികളുടെയും സ്പെഷ്യൽ റിപ്പയർ വർക്കുകളുടെയും എസ്റ്റിമേറ്റുകൾ കണക്കാക്കി ഫണ്ടിനായി ഇ.എസ്.ഐ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ചെയ്ത പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>➤ മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്<br>➤ ലഭ്യമല്ലാത്ത മരുന്നുകൾക്കുള്ള റീ-ഇംബേഴ്സ്മെന്റ് തുക താമസംവിനാ ഐ.പികൾക്ക് നൽകുന്നുണ്ട്.<br>➤ ഉച്ചയ്ക്ക് ശേഷം ലാബ് സൗകര്യം ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്.<br>➤ എൻ.സി.ഡി ക്ലിനിക്കുകളും, ഫാർമസി ഔട്ട് ലെറ്റും സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്<br>➤ സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്.<br>➤ ലാബിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസലിന് ഇ.എസ്.ഐ.സി ഹെഡ്ക്വാർട്ടേഴ്സിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ➢ ഒൻപത് ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>➢ ഓപ്പറേഷൻ തീയറ്ററിൽ ആവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നുണ്ട്.<br>➢ 77 ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂടി ടെലഫോൺ കണക്ഷൻ സ്ഥാപിച്ചുവരുന്നുണ്ട്. |
| (ബി) | ഇ.എസ്.ഐ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും അവിടെ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി കൂടുതൽ സ്വകാര്യ അശുപത്രികളെ എം പാനൽ ചെയ്യാനും നടപടിയുണ്ടാകുമോ; | (ബി) | സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി നിലവിൽ 28 സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇനിയും 20 ആശുപത്രികളെ കൂടി എംപാനൽ ചെയ്യുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (സി) | കേന്ദ്ര സർക്കാർ സൂപ്പർ സ്പെഷ്യലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പുതുതായി ഏർപ്പെടുത്തിയ നിബന്ധനകൾ പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്കു പ്രയാസം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഈ നിബന്ധനകൾ ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (സി) | ഗുണഭോക്താക്കൾക്ക് ദോഷകരമായ ഇ.എസ്.ഐ കോർപ്പറേഷന്റെ പുതിയ നിബന്ധനകൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ട് ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി 28.04.2017 നും 12.05.2017 നും കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ